പ്രകാശവചനം

അബ്ദുൽ ജബ്ബാർ കൂരാരി

# സ്വർഗത്തിലേക്കെത്തിക്കുന്ന അയൽപക്ക ബന്ധം

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ قَالَ رَسُولُ اللهِ ﷺ لَا يَدْخُلُ الْجَنَّةَ مَنْ لَا يَأْمَنُ جَارُهُ بَوَائِقَهُ

**അബൂഹുറയ്റ(റ)യിൽനിന്ന്: പ്രവാചകൻ അരുളി: "ഒരുത്തന്റെ ദ്രോഹങ്ങളിൽനിന്ന് അവന്റെ അയൽവാസി നിർഭയനാകുന്നില്ലെങ്കിൽ അങ്ങനെയുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതല്ല." (മുസ്ലിം).**

രക്തബന്ധം കഴിഞ്ഞാൽ മനുഷ്യരെ പരസ്പരം കൂട്ടിയിണക്കുന്ന പ്രധാന കണ്ണിയാണ് അയൽപക്ക ബന്ധം. അത് പരിപാവനവും സത്യവിശ്വാസത്തിന്റെ പ്രധാന ഘടകവുമാണ്. ജാതിയും മതവും നോക്കാതെ അയൽവാസികളോട് സൗഹാർദത്തിലും രമ്യതയിലും കഴിഞ്ഞുകൂടണം. അവൻ അന്യനാണെന്ന കാഴ്ചപ്പാട് ശരിയല്ല. അങ്ങനെ വന്നാൽ സ്വർഗപ്രവേശം പോലും എളുപ്പമല്ലാതാകും.

അകലെയുള്ള ബന്ധുക്കളെക്കാൾ നമുക്ക് പ്രയോജനം ചെയ്യുക ബന്ധുവല്ലാത്ത അയൽവാസിയാണെന്നത് ജീവിതാനുഭവമാണ്. സാമൂഹിക ജീവിതത്തിന്റെ സുസ്ഥിരത നിലനിർത്താൻ അയൽവാസികളുടെ ഐക്യവും ഒരുമയും കൂടിയേ പറ്റൂ. അടുത്ത ബന്ധമുള്ള അയൽവാസിക്കും അകന്ന അയൽവാസിക്കും ഒരുപോലെ നന്മ ചെയ്യണമെന്ന് പരിശുദ്ധ ഖുർആൻ അനുശാസിക്കുന്നുണ്ട് (അന്നിസാഅ്)

മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം: "അയൽവാസികളെ സംബന്ധിച്ച് ജിബ്രീൽ എന്നോട് വസിയ്യത്ത് ചെയ്തുകൊണ്ടേയിരുന്നു. അവർക്ക് അനന്തര സ്വത്തിൽ അവകാശം നിശ്ചയിച്ചേക്കുമെന്ന് വരെ എനിക്ക് തോന്നിപ്പോയി" (ബുഖാരി)

അയൽപക്ക ബന്ധം സുദൃഢമാക്കാനും കാത്തു സൂക്ഷിക്കാനും ഉതകുന്ന നിസ്സാര കാര്യം പോലും അവഗണിക്കരുത്. ഒരിക്കൽ പ്രവാചകൻ പറഞ്ഞു: "നീ കറി പാകം ചെയ്യുമ്പോൾ അത് അധികരിപ്പിച്ച് നിന്റെ അയൽവാസിക്കു കൂടി എത്തിക്കുക." അയൽവാസികളോട് വിശ്വാസിക്കുണ്ടാവേണ്ട വിശാലമായ കാഴ്ചപ്പാടാണിത് കാണിക്കുന്നത്.

ഒരിക്കൽ സൈന്യത്തിലേക്ക് ആളെ റിക്രൂട്ട് ചെയ്യുന്നതിനിടയിൽ പ്രവാചകൻ പ്രഖ്യാപിച്ചു: "അയൽവാസികളെ ദ്രോഹിക്കുന്നവർ ആരും യുദ്ധത്തിന് വരേണ്ടതില്ല." ഈ വിലക്ക് പലരെയും നിരാശപ്പെടുത്തി. ഒരാൾ പറഞ്ഞു: "നബിയേ, അയൽവാസിയെ ഞാൻ ഉപദ്രവിച്ചിട്ടില്ല. പക്ഷേ, ഒരു നാൾ അയാളുടെ മതിലിന് ചുവട്ടിൽ മൂത്രമൊഴിച്ചിട്ടുണ്ട്." നബി(സ) അയാളോട് പറഞ്ഞു: "അത് ദ്രോഹമാണ്." അയൽവാസിയുടെ കാര്യത്തിൽ നിസ്സാര തെറ്റുപോലും മാപ്പർഹിക്കാത്ത ഒന്നാണെന്നാണ് ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്. ■